




# ഗ്രന്ഥാലയ ശാസ്ത്രവും ഡോ. എസ്.ആർ. രംഗനാഥനും

**ഗ്രന്ഥാലയ വിജ്ഞാന ശാസ്ത്രശാഖയ്ക്ക് ഭാരതം ജന്മംനൽകിയ അതുല്യ പ്രതിഭയാണ് ഋഷി തുല്യനായ ഡോ. എസ്.ആർ. രംഗനാഥൻ. തമിഴ്നാട്ടിലെ തഞ്ചാവൂർ ജില്ലയിൽ 1892 ആഗസ്റ്റ് 12–ന് ജനിച്ച അദ്ദേഹം, ഭാരതത്തിലെ ഗ്രന്ഥാലയശാസ്ത്രത്തിന്റെ പിതാവ് എന്നാണറിയപ്പെടുന്നത്.**



ഡോ. കെ.ജി. സുധീർ
ശൂരനാട്
9446484561

ആർഷഭാരതം നിരവധി ഋഷിവര്യന്മാരെയും ജ്ഞാനികളെയും സംഭാവന ചെയ്ത നാടാണ്. ലോകത്തിനു വഴികാട്ടിയായി വിവിധ വിഷയങ്ങളിലും വിജ്ഞാനശാഖകളിലും സാഹിത്യത്തിലുമൊക്കെത്തന്നെ ഈ വിധ യോഗികളുടെ അമൂല്യസംഭാവനകൾ കാണാൻ കഴിയും. വാല്മീകി, ചരകൻ, സുശ്രുതൻ, വാഗ്ഭടാനന്ദൻ, ആര്യഭട്ടൻ, ഭാസ്കരൻ തുടങ്ങി സ്വാമി വിവേകാനന്ദൻ, ടാഗൂർ, മഹാത്മാഗാന്ധി, സർ. സി.വി. രാമൻ, ഡോ. എസ്. രാധാകൃഷ്ണൻ, ഹർഗോവിന്ദ് ഖുരാന തുടങ്ങിയവരുടെ വരെ സംഭാവനകൾ ഇത്തരത്തിലുള്ളവയാണെന്നു കാണാം. ഗണിതശാസ്ത്രം (വേദിക് മാത്തമാറ്റിക്സ്) ആരോഗ്യശാസ്ത്രം, തത്ത്വശാസ്ത്രം, ഭൗതികശാസ്ത്രം, സസ്യശാസ്ത്രം, രാഷ്ട്രമീമാംസ, കല, സാഹിത്യം തുടങ്ങിയ മേഖലകളിലെ ഭാരതത്തിന്റെ സംഭാവനകൾ അന്തർദേശീയ തലത്തിൽ വരെ ഇപ്പോഴും അംഗീകരിക്കപ്പെടുന്നവയാണ്.

ഇക്കൂട്ടത്തിൽ ഗ്രന്ഥാലയവിജ്ഞാന ശാസ്ത്രശാഖയ്ക്ക് (ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്) ഭാരതം ജന്മം നൽകിയ അതുല്യ പ്രതിഭയാണ് ഋഷി തുല്യനായ ഡോ. എസ്. ആർ രംഗനാഥൻ (ഷിയാലി രാമാമൃത രംഗനാഥൻ). തമിഴ്നാട്ടിലെ തഞ്ചാവൂർ ജില്ലയിൽ 1892 ആഗസ്റ്റ് മാസം 12-ാം തീയതി ജനിച്ച അദ്ദേഹം, ഭാരതത്തിലെ ഗ്രന്ഥാലയശാസ്ത്രത്തിന്റെ പിതാവ് എന്നാണറിയപ്പെടുന്നത്. ഇതിനു പ്രധാനകാരണം അദ്ദേഹം ഈ ശാസ്ത്രശാഖയ്ക്കു നൽകിയ സംഭാവനകൾ തന്നെയാണ്. എട്ടു പതിറ്റാണ്ടിലധികം നീണ്ടുനിന്ന


സാർത്ഥകമായ ജീവിതകാലം മുഴുവൻ ഗ്രന്ഥാലയ ശാസ്ത്രത്തിലെ ഒട്ടെല്ലാ മേഖലകളിലും തന്റേതായ സംഭാവനകൾ നൽകുകയും, അവ ഭാരതത്തിലും മറ്റു വിദേശ രാഷ്ട്രങ്ങളിലും അംഗീകരിക്കപ്പെടുകയും ചെയ്തു. ഈ ശാസ്ത്രശാഖയ്ക്ക് അദ്ദേഹം മുന്നോട്ടു വച്ച നിയമങ്ങളും സിദ്ധാന്തങ്ങളും തത്ത്വങ്ങളും ധർമസിദ്ധാന്തങ്ങളു(കാനൻ)മാണ് ഗ്രന്ഥാലയ ശാസ്ത്രത്തെ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് എന്ന ഒരു അക്കാദമിക് പാഠ്യവിഷയമാക്കി മാറ്റാൻ സഹായിച്ചത്. അദ്ദേഹം മുന്നോട്ടു വച്ച ചിന്താധാരകളെല്ലാം തന്നെ ശാസ്ത്രീയമായ പിൻബലമുള്ളവയായിരുന്നു. അതുകൊണ്ടു തന്നെ ആ തത്ത്വങ്ങളും നിയമങ്ങളും സിദ്ധാന്തങ്ങളും ലോകം അംഗീകരിക്കുകയും കാലിക പ്രാധാന്യത്തോടെ ഇപ്പോഴും ചർച്ചയ്ക്കും ഗവേഷണങ്ങൾക്കും വിധേയമാക്കപ്പെടുകയും ചെയ്യുന്നു.

ഡോ. രംഗനാഥന്റെ ചിന്തകളിലും രചനകളിലും രണ്ടുതരത്തിലുള്ള ചിന്താധാരകൾ സ്വാധീനത ചെലുത്തിയതായി കാണാം. ഭാരതത്തിന്റെ ആധ്യാത്മിക ചൈതന്യവും പഠനകാലത്തു ലഭിച്ച പാശ്ചാത്യ ചിന്തകളുമാണവ. തികഞ്ഞ പ്രായോഗികവാദിയായിരുന്ന ഡോ. രംഗനാഥൻ, അദ്ദേഹത്തിന്റെ ചിന്തകളെയും പഠനങ്ങളെയും നീതിമത്കരിക്കാൻ മിക്കപ്പോഴും വേദങ്ങളും ഉപനിഷത്തുകളും ഒപ്പം മനുസ്മൃതി, രാമായണം തുടങ്ങിയ ഭാരതീയ പ്രമാണഗ്രന്ഥങ്ങളും നിരന്തരമായി അവലംബിക്കുമായിരുന്നു. ജീവിതത്തിലുടനീളം അദ്ദേഹം തികച്ചും ഒരു പ്രായോഗിക ഹിന്ദുവായിരുന്നു. ബാല്യകാലത്തെ സംസ്കൃതപഠനം ഇതിനദ്ദേഹത്തെ ഏറെ സഹായിച്ചിട്ടുണ്ട്. ഭാരതീയതയിലൂന്നിയ അദ്ദേഹത്തിന്റെ ചിന്താധാരകളും പഠനഗവേഷണരീതികളും പാശ്ചാത്യരുടെ വിമർശനങ്ങൾക്ക് ഇടവരുത്തിയിട്ടുണ്ട്. ലൈബ്രറി സയൻസിനോടുള്ള ഡോ. രംഗനാഥന്റെ സമീപനരീതികൾ ശാസ്ത്രീയമല്ലെന്നും മറിച്ച് മതപരമാണെന്നും വിദേശിയായ മാർഷ്യ എച്ച് ചാപ്പൽ എന്ന വനിത അഭിപ്രായപ്പെട്ടിട്ടുണ്ട്. അവരുടെ അഭിപ്രായത്തിൽ പ്രധാനമായും ഹൈന്ദവതയുടെ സ്വാധീനതയാണ് ഡോ. രംഗനാഥന്റെ ചിന്തകളിലും പഠനങ്ങളിലും പ്രകടമാകുന്നതെന്നാണ്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ അദ്ദേഹത്തിന്റെ പഠനങ്ങളിലും പുസ്തകങ്ങളിലും ഇത്തരത്തിലുള്ള നിരവധി പരാമർശങ്ങളും ഉദ്ധരണികളും കാണാനും കഴിയും.

### സംഭാവനകൾ

ഡോ. രംഗനാഥന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭാവനകളിലൊന്ന്, 1931ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥാലയശാസ്ത്രത്തിലെ പഞ്ചനിയമങ്ങളാണ്. 'ഗ്രന്ഥാലയപഞ്ചസൂത്രം' എന്നു വിശേഷിപ്പിക്കുന്ന തത്ത്വങ്ങൾ ഇവയാണ്. 1. പുസ്തകങ്ങൾ ഉപയോഗിക്കാനുള്ളതാണ് 2. ഓരോ വായനക്കാരനും പുസ്തകം (എല്ലാവർക്കും പുസ്തകം) 3. എല്ലാ പുസ്തകത്തിനും വായനക്കാരൻ 4. വായനക്കാരന്റെ സമയം ലാഭിക്കുക 5. ഗ്രന്ഥാലയം വളരുന്ന ഒരു സ്ഥാപനമാണ് (ജീവവസ്തു). ഈ പഞ്ച നിയമങ്ങൾ ഗ്രന്ഥാലയശാസ്ത്രത്തിന്റെ അടിസ്ഥാന പ്രമാണങ്ങളായി ഇന്നും പരിഗണിക്കപ്പെടുന്നു. 1933ൽ പ്രസിദ്ധപ്പെടുത്തിയ പുസ്തകവർഗ്ഗീകരണസമ്പ്രദായമായ 'ദ്വിബിന്ദുവർഗ്ഗീകരണം' (കോളൺ ക്ലാസിഫിക്കേഷൻ) അമേരിക്കക്കാരുടെ ദശാംശ വർഗ്ഗീകരണ (ഡെസിമൽ ക്ലാസിഫിക്കേഷൻ) സമ്പ്രദായത്തിനുള്ള ഭാരതീയമായ മറുപടിയായിരുന്നു. ഗ്രന്ഥാലയസേവനം മെച്ചപ്പെടുത്തുന്നതിൽ വർഗ്ഗീകരണത്തോടൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് ഗ്രന്ഥസൂചി (കാറ്റലോഗ്). ഗ്രന്ഥസൂചി നിർമ്മാണത്തിലെ പുതിയരീതിയായിരുന്നു 1934ലെ ഡോ. രംഗനാഥന്റെ 'അനുവർഗ്ഗസൂചി' (ക്ലാസ്സിഫൈഡ് കാറ്റലോഗ്). മറ്റൊരു പ്രധാനപ്പെട്ട സംഭാവനയായിരുന്നു ചലനാത്മകവും വർഗ്ഗീകരണസിദ്ധാന്തത്തിലധിഷ്ഠിതവുമായ പുതിയ വർഗ്ഗീകരണസിദ്ധാന്തം (ഡയിനാമിക് തിയറി ഓഫ് ലൈബ്രറി ക്ലാസ്സിഫിക്കേഷൻ). ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ ഒരമൂല്യസംഭാവനയായിരുന്നു 'പ്രോലിഗോമിന ഓഫ് ലൈബ്രറി ക്ലാസ്സിഫിക്കേഷൻ' (1937). വർഗ്ഗീകരണസിദ്ധാന്തത്തിന് ശാസ്ത്രീയമായ അടിത്തറ നൽകിയ പ്രസ്തുത ഗ്രന്ഥം വിദേശ രാഷ്ട്രങ്ങ

(ശേഷം പേജ് ൬൦)




**എസ്.ആർ. രംഗനാഥൻ മുന്നോട്ടുവെച്ച ചിന്താധാരകളെല്ലാം തന്നെ ശാസ്ത്രീയമായ പിൻബലമുള്ളവയായിരുന്നു. അതുകൊണ്ടു തന്നെ ആ തത്ത്വങ്ങളും നിയമങ്ങളും സിദ്ധാന്തങ്ങളും ലോകം അംഗീകരിക്കുകയും കാലിക പ്രാധാന്യത്തോടെ ഇപ്പോഴും ചർച്ചയ്ക്കും ഗവേഷണങ്ങൾക്കും വിധേയമാക്കപ്പെടുകയും ചെയ്യുന്നു.**

(പേജ് 57ൽ നിന്ന്)

ളിലുൾപ്പെടെ വളരെയേറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ആഗോള വിജ്ഞാനസഞ്ചയത്തിൽ എങ്ങനെ പുതിയ ആശയങ്ങളും വിഷയങ്ങളും ഉടലെടുക്കുമെന്ന് ഭാരതീയമായ കാഴ്ചപ്പാടിലൂടെ ഇതിൽ ഡോ. രംഗനാഥൻ വിശദമാക്കുന്നു.

ഗ്രന്ഥാലയശാസ്ത്രശാഖയ്ക്ക് ഡോ. രംഗനാഥൻ നൽകിയ സമഗ്ര സംഭാവനകൾ കണക്കിലെടുത്ത് ബ്രിട്ടീഷ് സർക്കാർ അദ്ദേഹത്തിന് 'റാവു സാഹിബ്' പുരസ്കാരം നൽകി ആദരിക്കുകയുണ്ടായി. 1957ൽ പത്മശ്രീ ബഹുമതി നൽകി സ്വതന്ത്രഭാരതം അദ്ദേഹത്തെ ആദരിക്കുകയും ചെയ്തിട്ടുണ്ട്. അമേരിക്കയിലെ പിറ്റ്സ് ബർഗ് സർവകലാശാലയും (1964) ദില്ലി സർവകലാശാലയും (1948) ഡി.ലിറ്റ് ബിരുദം നൽകിയാണ് അദ്ദേഹത്തോടുള്ള ആദരം വ്യക്തമാക്കിയത്. ഡോ. രംഗനാഥന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരവും ആദരവുമായി ഭാരത സർക്കാർ അദ്ദേഹത്തെ 'നാഷണൽ റിസർച്ച് പ്രൊഫസറാ'യി നാമനിർദ്ദേശം ചെയ്യുകകൂടി ഉണ്ടായിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ആസൂത്രണ കമ്മീഷനിലും സർവകലാശാല ധനസഹായകമ്മീഷനിലും (യു.ജി.സി) ഉപദേശകനായി അദ്ദേഹം പ്രവർത്തിച്ചു. എൺപതുവർഷത്തോളം നീണ്ടുനിന്ന സാർത്ഥകമായ ആ ജീവിതം 1972 സപ്തംബർ 27നാണ് അവസാനിച്ചത്. ഇക്കാലയളവിൽ 26 പുസ്തകങ്ങളും രണ്ടായിരത്തിലധികം ലേഖനങ്ങളും പ്രബന്ധങ്ങളും ഗ്രന്ഥാലയവിജ്ഞാനശാസ്ത്രശാഖയിൽ അദ്ദേഹം സംഭാവന ചെയ്തു.




**പുസ്തക വർഗ്ഗീകരണ സിദ്ധാന്തത്തിലെ അടിസ്ഥാന തത്ത്വങ്ങൾ അഞ്ചായി ഡോ. രംഗനാഥൻ നിശ്ചയിച്ചത് യാദൃച്ഛികമാകാനിടയില്ല. അടിസ്ഥാന തത്ത്വങ്ങൾ ഇവയായിരുന്നു: സ്വത്വം, ദ്രവ്യം, ഊർജ്ജം, ഇടം, സമയം . 'കോളൻ ക്ലാസ്സിഫിക്കേഷനിൽ' അഞ്ച് എന്ന സംഖ്യ ഊർജ്ജത്തിന്റെ സ്മൃതി സഹായോപകരണമായി അദ്ദേഹം ഉപയോഗിക്കുന്നുണ്ട്.**

### ഭാരതീയ മൂല്യങ്ങളുടെ സ്വാധീനത

തമിഴ്നാട്ടിലെ ഒരു പരമ്പരാഗത ബ്രാഹ്മണകുടുംബത്തിൽ ജനിച്ച ഡോ. രംഗനാഥൻ ജീവിതത്തിലുടനീളം ഈശ്വരവിശ്വാസിയും മതാധിഷ്ഠിത ജീവിതം നയിച്ച വ്യക്തിയുമായിരുന്നു. ആർഷ ഭാരതസംസ്കാരത്തെപ്പറ്റി ഗാഢമായ അറിവുള്ള അദ്ദേഹം ആ സംസ്കാരവും വേദപഠനത്തിലൂടെ ലഭിച്ച ജ്ഞാനവും അറിവും എന്നും കാത്തുസൂക്ഷിച്ചിരുന്നു. അദ്ദേഹത്തിന്റെ പഠനങ്ങളിലും രചനകളിലുമുടനീളം വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ഉപനിഷത്, രാമായണം, മനുസ്മൃതി തുടങ്ങിയ ഭാരതീയ ഗ്രന്ഥങ്ങളിൽ നിന്നുള്ള ശ്ലോകങ്ങളും പദ്യശകലങ്ങളും നിരവധിയായി ഉപയോഗിച്ചിരുന്നു.

ഡോ. രംഗനാഥൻ അദ്ദേഹത്തിന്റെ രചനകളിലും ഗ്രന്ഥങ്ങളിലും നിരവധി സംഖ്യകളും അക്കങ്ങളും വിപുലമായി ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ആയിരത്തിയെട്ട് എന്ന സംഖ്യ. 'ലൈബ്രറിവർഗ്ഗീകരണം അടിസ്ഥാനതത്ത്വവും പ്രയോഗവും' (1944) എന്ന ഗ്രന്ഥത്തിൽ 1008 ശീർഷകങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. ഭാരതീയ തത്ത്വചിന്താഗ്രന്ഥമായ ന്യായകോശത്തിൽ 1008 തത്ത്വങ്ങളും അതിന്റെ വിശകലനങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുപോലെ തന്നെ 'പ്രോലിഗോമിന ഓഫ് ലൈബ്രറി ക്ലാസിഫിക്കേഷൻ' എന്ന പ്രശസ്തമായ ഗ്രന്ഥത്തിൽ ഇതേ സംഖ്യ തത്ത്വങ്ങളും വിശകലനവുമായി ഉപയോഗിക്കുന്നുണ്ട്. 'റഫറൻസ് സർവീസ്' എന്ന പുസ്തകത്തിൽ കണ്ടെത്തേണ്ട വസ്തുതകൾ 108 ആണ് എന്ന് അദ്ദേഹം സമർത്ഥിക്കുന്നുണ്ട്.

വേദപുസ്തകങ്ങളിലും ഭാരതീയ പുരാണേതിഹാസങ്ങളിലും 'അഞ്ച്' എന്ന അക്കത്തിന് ഒരു പ്രധാനസ്ഥാനമുണ്ട്. ഉദാഹരണത്തിന് പഞ്ചാഗ്നി, പഞ്ചാംഗം, പഞ്ചാമൃതം, പഞ്ചകോശം, പഞ്ചഗവ്യം, പഞ്ചതത്ത്വം, പഞ്ചപ്രാണം, പഞ്ചമഹാപാതകം, പഞ്ചവനം, പഞ്ചവടി തുടങ്ങിയവ. അതുകൊണ്ടുതന്നെ പുസ്തക വർഗ്ഗീകരണ സിദ്ധാന്തത്തിലെ അടിസ്ഥാന തത്ത്വങ്ങൾ (ഫണ്ടമെന്റൽ കാറ്റഗറി) അഞ്ചായി ഡോ. രംഗനാഥൻ നിശ്ചയിച്ചത് യാദൃച്ഛികമാകാനിടയില്ല. അടിസ്ഥാന തത്ത്വങ്ങൾ ഇവയായിരുന്നു: സ്വത്വം (പേഴ്സണാലിറ്റി), ദ്രവ്യം (മാറ്റർ), ഊർജ്ജം (എനർജി), ഇടം (സ്പേസ്), സമയം (ടൈം). 'കോളൻ ക്ലാസ്സിഫിക്കേഷനിൽ' അഞ്ച് എന്ന സംഖ്യ ഊർജ്ജത്തിന്റെ (എനർജി) സ്മൃതി സഹായോപകരണമായി (നിമോണിക്സ്) അദ്ദേഹം ഉപയോഗിക്കുന്നുണ്ട്.

### ഉപനിഷത്

ഉപനിഷത്തുകൾ ഡോ. രംഗനാഥന്റെ ജീവിതത്തിലും രചനകളിലും ചെലുത്തിയ സ്വാധീനത വിപുലമാണ്. 'റഫറൻസ് സർവീസ്' എന്ന ഗ്രന്ഥത്തിൽ 'താത്രിയോപനിഷത്തി'ലെ മഹാവാക്യം അദ്ദേഹം ഉദ്ധരിക്കു

ന്നുണ്ട്.

''അതിഥി ദേവോ ഭവ, ശ്രദ്ധയാ ദേയം, ശ്രിയാ ദേയം,
ഹ്രിയാ ദേയം, ഭിയാ ദേയം, സംവിദാ ദേയം.''

ഒരു ഗ്രന്ഥശാലയിൽ വായനക്കാർക്ക് മികച്ച സേവനങ്ങൾ നൽകുന്നതിലേക്കായി ലൈബ്രേറിയൻമാർക്കുള്ള നിർദ്ദേശങ്ങളായിട്ടാണ് ഇത് പ്രതിപാദിക്കുന്നത്. ഇതുവഴി വായനക്കാർക്ക് വളരെ മുന്തിയ സേവനങ്ങൾ നൽകാൻ ലൈബ്രേറിയന്മാർക്ക് കഴിയുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

**രാമായണം**

ഡോ. രംഗനാഥനെ ഏറ്റവും അധികം സ്വാധീനിച്ചത് ഇതിഹാസഗ്രന്ഥമായ 'രാമായണ'മായിരുന്നു. രാമായണത്തിൽ നിന്ന് നിരവധി ഉദ്ധരണികൾ തന്റെ പഠനങ്ങളിലും പുസ്തകങ്ങളിലും അദ്ദേഹം വ്യാപകമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 'റഫറൻസ് സർവീസ്' എന്ന പുസ്തകത്തിൽ ഒരു അദ്ധ്യായം തന്നെ അദ്ദേഹം രാമായണത്തിനായി മാറ്റിവച്ചിട്ടുണ്ട്. 'വാല്മീകിയുടെ വെളിച്ചം' എന്ന ശീർഷകത്തിൽ, രാമായണത്തിലെ പ്രധാന കഥാപാത്രങ്ങളായ ശ്രീരാമൻ, ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ എന്നിവരെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഒരു മാതൃകാ റഫറൻസ് ലൈബ്രേറിയൻ എങ്ങനെയായിരിക്കണം എന്ന് വിശദമാക്കുന്ന സന്ദർഭത്തിലാണ് ശ്രീരാമചന്ദ്രന്മാരുടെ സ്വാഭാവരീതികളെയും പ്രവൃത്തികളെയും പറ്റി വിവരിക്കുന്നത്.

ഗ്രന്ഥാലയശാസ്ത്രത്തിലെ പഞ്ചനിയമങ്ങളിൽ പ്രഥമനിയമമാണ് 'പുസ്തകങ്ങൾ ഉപയോഗിക്കാനുള്ളതാണ്' എന്നത്. ഈ നിയമങ്ങളുടെ സംസ്കൃത ഭാഷ്യവും അദ്ദേഹം പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമങ്ങൾ വിശദമായി വ്യാഖ്യാനിക്കുന്നിടത്ത്, ഭഗവദ്ഗീതയിലെ പ്രശസ്തമായ ഗീതോപദേശം ഉൾപ്പെടുത്തിയിട്ടുണ്ട്.

''കർമ്മണ്യേവാധികാരസ്തേ
മാ ഫലേഷു കദാചന
മാ കർമ്മഫലഹേതുർഭൂ മാ
തേ സംഗോഽസ്ത്വകർമ്മണി''

അർജ്ജുനനെപ്പോലെ അശക്തനാകാതെ കർമ്മം ചെയ്യൂ, ഫലം നേടൂ എന്നാണദ്ദേഹം ലൈബ്രേറിയന്മാരെ ഉപദേശിക്കുന്നത്.

ഡോ. രംഗനാഥന്റെ ജീവിതത്തിലും പ്രവർത്തനമേഖലകളിലും ഭാരതീയ പൈതൃകം പൊതുവിലും മനു

**ഗ്രന്ഥാലയശാസ്ത്രത്തിലെ പഞ്ചനിയമങ്ങൾ രൂപപ്പെട്ടതുതന്നെ ഭാരതീയ ധർമ്മശാസ്ത്രങ്ങളുടെയും മൂല്യങ്ങളുടെയും പിൻബലത്തിലാണ്. അതുകൊണ്ടുതന്നെയാണ് ഈ വൈജ്ഞാനിക കാലഘട്ടത്തിലും കാലാതീതമായി അവ നിലകൊള്ളുന്നതും ചർച്ചചെയ്യപ്പെടുന്നതും.**

സംഹിതപോലുള്ളവ പ്രത്യേകിച്ചും വളരെ വലിയ സ്വാധീനതയാണ് ചെലുത്തിയത്. ഗ്രന്ഥാലയശാസ്ത്രത്തിലെ പഞ്ചനിയമങ്ങൾ രൂപപ്പെട്ടതുതന്നെ ഭാരതീയ ധർമശാസ്ത്രങ്ങളുടെയും മൂല്യങ്ങളുടെയും പിൻബലത്തിലാണ്. അതുകൊണ്ടുതന്നെയാണ് ഈ വൈജ്ഞാനികകാലഘട്ടത്തിലും കാലാതീതമായി അവ നിലകൊള്ളുന്നതും ചർച്ചചെയ്യപ്പെടുന്നതും. വൈദേശികമായ ചിന്താസരണികൾക്കും പ്രായോഗികതകൾക്കും അപ്പുറം ഭാരതീയമായ കാഴ്ചപ്പാടിലൂടെ ഈ വൈജ്ഞാനികശാസ്ത്രശാഖയെ ഗ്രന്ഥാലയവിജ്ഞാനശാസ്ത്രമാക്കി വികസിപ്പിക്കുന്നതിൽ ഡോ. രംഗനാഥന്റെ സംഭാവനകളും ഗവേഷണപരമായ ഇടപെടലുകളും ഒട്ടൊന്നുമല്ല സഹായകമായത്. ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് വിഷയത്തിന്റെ സമസ്ത മേഖലകളിലും തന്റേതായ സംഭാവനകൾ നൽകി വിദേശീയരെപ്പോലും വിസ്മയിപ്പിച്ച ഈ അപൂർവ്വ പ്രതിഭ ഭാരതമാതാവിന്റെ അതുല്യ സന്താനമാണെന്നതിൽ നമുക്ക് അഭിമാനിക്കാം.

**കുറിപ്പുകൾ**

1.ശർമ്മ, അരവിന്ദ് (2015). എസ്. ആർ. രംഗനാഥൻ: കമ്പയിനിംഗ് ലൈബ്രറി സയൻസ് വിത്ത് ഇന്ത്യൻ വാല്യൂസ്. ലൈബ്രറി ഹെറാൾഡ്, 53, 3; 301-303.

2.രംഗനാഥൻ, എസ്. ആർ. (1989) പ്രോലിഗോമിന ടു ലൈബ്രറി ക്ലാസ്സിഫിക്കേഷൻ. ശാരദാ രംഗനാഥൻ എൻഡോവ്മെന്റ് ഫോർ ലൈബ്രറി സയൻസ്, ബാംഗ്ലൂർ, പുറം 123.

3.രംഗനാഥൻ, എസ്. ആർ. (1961). റഫറൻസ് സർവ്വീസ്, എഡി. 2. ഏഷ്യാ പബ്ലിഷിംഗ് ഹൗസ്, മുംബൈ, പുറം 247.

4.രംഗനാഥൻ, എസ്. ആർ. (1963). ദി ഫൈവ് ലാസ് ഓഫ് ലൈബ്രറി സയൻസ്. എഡി. 2. ഏഷ്യാ പബ്ലിഷിംഗ് ഹൗസ്, മുംബൈ, പുറം 9.

5.ഗിരിജകുമാർ (1992). ക്രിയേറ്റിവിറ്റി ഇൻ ദ തോട്ട് ഓഫ് ഡോ. എസ്. ആർ രംഗനാഥൻ. അനൽസ് ഓഫ് ലൈബ്രറി സയൻസ് ആന്റ് ഡോക്കുമെന്റേഷൻ. 39,2, 46-51.

6.ചാപ്പൽ, എം.എച്ച് (1976). ദി പ്ലേസ് ഓഫ് റഫറൻസ് സർവീസ് ഇൻ രംഗനാഥൻസ് തിയറി ഓഫ് ലൈബ്രേറിയൻഷിപ്പ്. ലൈബ്രറി ക്വാർട്ടേർലി, 46, പുറം 381.

7.റേ, പാർത്ഥാ പ്രതിം (2015). ഇൻഫ്ളുവൻസ് ഓഫ് മനു ഓൺ രംഗനാഥൻസ് ഫിലോസഫി ഓഫ് ലൈബ്രറി സയൻസ്. ആൻ ഓഫർവ്യൂ. അനൽസ് ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സ്റ്റഡീസ്, 62,41; 213-16.

8.ഇസ്ലാം, മുഹമ്മദ് നൂറുൾ (2015). എസ്. ആർ. രംഗനാഥൻ: ലൈബ്രറി ആന്റ് ഡോക്കുമെന്റേഷൻ സൈന്റിസ്റ്റ്. കറന്റ് സയൻസ്, 108,11; 2110-11.

Krishna's
പ്രഭാതത്തിലെ പുത്തൻ ഉന്മേഷവുമായി
KRISHNA COFFEE WORKS Since 1952 PALAKKAD
Coffee Time
Coffee at its best
KRISHNA COFFEE WORKS
Market Road, Palakkad. Phone: 0491-2501442